## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -72 — 03.02.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

### പി.എസ്.സി. ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ടി.എ.അഹമ്മദ് കബീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുറത്ത് വന്നിട്ടുള്ള പി.എസ്.സി. ക്രമക്കേട് ഏതൊക്കെ യാണെന്ന് വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. പരീക്ഷാ കേന്ദ്രങ്ങളിലെ/ഹാളിലെ ഉദ്യോഗാർത്ഥികൾ അപമര്യാദയായി പെരുമാറിയത്.<br>2. മൊബൈൽ ഫോൺ/സ്മാർട്ട് വാച്ച് മുതലായവ ഉപയോഗിച്ചത്/ കൈവശം സൂക്ഷിച്ചത്.<br>3. തിരുത്തൽ വരുത്തിയ ഹാൾടിക്കറ്റുമായി പരീക്ഷാ ഹാളിൽ പ്രവേശിച്ചത്.<br>4. ആൾമാറാട്ടം നടത്താൻ ശ്രമിച്ചത്<br>5. കോപ്പിയടിക്കാൻ ശ്രമിച്ചത്. |
| ബി) | ഇതിൽ എത്ര ക്രമക്കേടുകൾ പി.എസ്.സി. യും വിജിലൻസും കേരള പോലീസും അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | ബി) സി) & ഡി) | ഇതു സംബന്ധിച്ച് പോലീസ് രണ്ട് കേസുകൾ എടുത്ത് അന്വേഷണം നടത്തി വരുന്നു. പരീക്ഷാ കേന്ദ്രങ്ങളിലെ ഹാളുകളിൽ ഇൻവിജിലേഷൻ ഡ്യൂട്ടി നോക്കിയിരുന്ന ശ്രീമതി രമാദേവി, ശ്രീമതി മല്ലിക, ശ്രീ അനീഷ് എബ്രഹാം എന്നിവർ ഡ്യൂട്ടിയിൽ കുറ്റകരമായ അനാസ്ഥ കാട്ടിയതു വഴി ഐ.പി.സി സെക്ഷൻ 409, 420 പ്രകാരമുള്ള കുറ്റം ചെയ്തതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ ഇവരെ യഥാക്രമം 7,8,9 പ്രതികളായി ചേർത്ത് അന്വേഷണം നടത്തി വരുന്നു. |
| സി) | ക്രമക്കേടുകളുടെ പിന്നിൽ ഉദ്യോഗസ്ഥരുടെ പങ്ക് കണ്ടെത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | | |
| ഡി) | ഉണ്ടെങ്കിൽ അത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| ഈ) | പി.എസ്.സി.യുടെ പരിശുദ്ധിക്കും വിശ്വാസ്യതയ്ക്കും കളങ്കമേൽക്കാത്ത രീതിയിൽ മുന്നോട്ട് പോകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്ത മാക്കാമോ? | ഇ) | പി.എസ്.സി നിലവിൽ കുറ്റമറ്റ രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ പി.എസ്.സി യിൽ ഒരു ആഭ്യന്തര വിജിലൻസ് സെല്ലും പ്രവർത്തിച്ചു വരുന്നു. ഗുരുതരമായ ആരോപണങ്ങൾ ഉണ്ടാകുമ്പോൾ പോലീസ്, വിജിലൻസ് എന്നീ വിഭാഗങ്ങളുടെ സഹായത്തോടെ അന്വേഷണം നടത്തി റിപ്പോർട്ടിനു വിധേയമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഏറ്റവും സുതാര്യവും കുറ്റമറ്റ രീതിയിലും പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് യഥാസമയം സർക്കാർ പി.എസ്.സി യ്ക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ